# അക്രമി സംഘങ്ങളിൽ നിന്നകലുക; പ്രബോധകരാവുക!

**എം. എം. അക്ബർ**

മൂസാ നബി(അ)യുടെ ജീവിതവുമായി ബന്ധപ്പെട്ട് ഖുർആനിൽ പരാമർശിക്കപ്പെട്ട പ്രത്യേകമായ ഒരു സംഭവമുണ്ട്. ഫറോവയുടെ കൊട്ടാരത്തിൽ സ്വന്തം മാതാവിന്റെ മുലകുടിച്ചുകൊണ്ടുതന്നെ വളരാൻ സർവശക്തൻ മൂസാനബി(അ)യെ അനുഗ്രഹിച്ചു. അദ്ദേഹത്തിന് ശക്തിയും പക്വതയും കൈവന്ന ശേഷം നടന്ന ഒരു സംഭവം ഖുർആൻ തന്നെ ഉദ്ധരിക്കുന്നത് കാണുക:

''അങ്ങനെ അദ്ദേഹം (മൂസാ) ശക്തിപ്രാപിക്കുകയും പാകതയെത്തുകയും ചെയ്തപ്പോൾ അദ്ദേഹത്തിന് നാം വിവേകവും വിജ്ഞാനവും നൽകി. അപ്രകാരമാണ് സദ്വൃത്തർക്ക് നാം പ്രതിഫലം നൽകുന്നത്. പട്ടണവാസികൾ അശ്രദ്ധരായിരുന്ന സമയത്ത് മൂസാ അവിടെ കടന്നുചെന്നു. അപ്പോൾ അവിടെ രണ്ട് പുരുഷന്മാർ പരസ്പരം പൊരുതുന്നതായി അദ്ദേഹം കണ്ടു. ഒരാൾ തന്റെ കക്ഷിയിൽ പെട്ടവൻ. മറ്റൊരാൾ തന്റെ ശത്രുവിഭാഗത്തിൽ പെട്ടവനും. അപ്പോൾ തന്റെ കക്ഷിയിൽ പെട്ടവൻ തന്റെ ശത്രുവിഭാഗത്തിൽ പെട്ടവനെതിരിൽ അദ്ദേഹത്തോട് സഹായം തേടി. അപ്പോൾ മൂസാ അവനെ മുഷ്ടി ചുരുട്ടി ഇടിച്ചു. അത് അവന്റെ കഥ കഴിച്ചു. മൂസാ (അ) പറഞ്ഞു: ഇത് പിശാചിന്റെ പ്രവർത്തനത്തിൽപെട്ടതാകുന്നു. അവൻ വ്യക്തമായും വഴിപിഴപ്പിക്കുന്ന ശത്രു തന്നെയാകുന്നു. അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, തീർച്ചയായും ഞാൻ എന്നോടു തന്നെ അന്യായം ചെയ്തിരിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്തു തരേണമേ. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു'' (28: 14-16).

ഈ സംഭവം നടക്കുന്നത് ഫറോവ എന്ന ഏകഛത്രാധിപതിയുടെ ഭരണകാലത്താണ്. ഇസ്റാഈല്യർ ക്രൂരമായി മർദിക്കപ്പെട്ടിരുന്ന കാലം. ഫറോവയുടെയും അയാളുടെ വർഗക്കാരായ കോപ്റ്റുകളുടെയും അടിമത്തത്തിൽ നിന്ന് ഇസ്റാഈൽ ജനതയെ മോചിപ്പിക്കുകയെന്ന ദൗത്യം കൂടി മൂസാ നബി(അ)യുടെ നിയോഗത്തിനു പിന്നിലുണ്ടായിരുന്നുവല്ലോ. ഒരു ദൈവിക ഇടപെടൽ അനിവാര്യമാകും വിധമുള്ള ക്രൂരതകൾക്ക് വിധേയാമാക്കപ്പെട്ടവരായിരുന്നു ഇസ്റാഈല്യരെന്ന് സാരം. ഈ ക്രൂരതകളും പീഡനങ്ങളും നടമാടവെയാണ് സൂറത്തുൽ ഖസ്വസിൽ ഖുർആൻ ഉദ്ധരിച്ച, നടേ വിവരിച്ച സംഭവം നടക്കുന്നത്. ഇസ്റാഈല്യർ പീഡിതരും കോപ്റ്റിക്കുകാർ പീഡകരമായിരുന്നു ഇത് നടക്കുമ്പോൾ എന്ന് സുതരാം വ്യക്തമാണ്. തന്റെ വർഗക്കാരനും പീഡിതരുടെ പ്രതിനിധിയുമായ ഒരാൾ മർദിക്കപ്പെടുന്നത് കണ്ട് മൂസാ (അ) അയാളെ സഹായിക്കാനായി പ്രശ്നത്തിൽ ഇടപെടുന്നു. പീഡകരുടെ പ്രതിനിധിയെ അദ്ദേഹം ഇടിക്കുകയും അയാൾ മരണപ്പെടുകയും ചെയ്യുന്നു. അബദ്ധത്തിൽ സംഭവിച്ചതാണ് മരണം. എന്നിട്ടു പോലും മൂസാ(അ) താൻ ചെയ്തത് പാപമാണെന്ന് തിരിച്ചറിയുകയും അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും ചെയ്യുന്നു. താൻ ചെയ്ത തെറ്റിനെക്കുറിച്ച ചിന്ത തന്റെ ജീവിതത്തിലുടനീളം അദ്ദേഹത്തെ മഥിച്ചിരുന്നുവെന്നാണ് ഖുർആൻ നമ്മെ തെര്യപ്പെടുത്തുന്നത്. ഫറോവയുടെ അടുക്കൽ ചെന്ന് സത്യമത പ്രബോധനം നിർവഹിക്കുവാനായി അല്ലാഹുവിന്റെ കൽപന വന്നപ്പോൾ മൂസാ(അ) പറഞ്ഞത്: ''അവർക്ക് എന്റെ പേരിൽ ഒരു കുറ്റം ആരോപിക്കുവാനുമുണ്ട്. അതിനാൽ അവർ എന്നെ കൊന്നേക്കുമെന്ന് ഭയപ്പെടുന്നു'' (26:14) എന്നായിരുന്നുവല്ലോ. അന്തിമ വിധിയുടെ നാളിൽ പോലും ഈ തെറ്റിനെക്കുറിച്ചാലോചിച്ച് മൂസാ നബി(ঌ) വിലപിച്ചുകൊണ്ടിരിക്കുമെന്നാണ് മുഹമ്മദ് നബി(സ) നമ്മെ പഠിപ്പിച്ചത്. ജനങ്ങൾ തന്റെയടുക്കൽ വന്ന് ശുപാർശക്ക് വേണ്ടി ആവശ്യപ്പെടുമ്പോൾ ''യാ നഫ്സീ, ഞാൻ ചെയ്ത അനനുവദനീയമായ കാര്യത്തെക്കുറിച്ച- ഒരാളെ കൊന്ന കാര്യം - വേവലാതിയിലാണ് ഞാനെന്ന് മൂസാനബി(അ) പറയുമെന്ന് ബുഖാരി ഉദ്ധരിച്ച ഹദീഥിലുണ്ട്. മുഹർറം പത്തിന് വ്രതമനുഷ്ഠിച്ചുകൊണ്ട് മൂസാ നബി(അ)യുടെ പ്രബോധക ജീവിതത്തെ അനുസ്മരിക്കുകയും അതിൽ നിന്ന് പാഠമുൾക്കൊള്ളുകയും ചെയ്യുമ്പോൾ ഈ സംഭവം നമുക്ക് നൽകുന്ന സന്ദേശം നാം പൂർണമായി ഉൾക്കൊള്ളേണ്ടതുണ്ട്. ഏകാധിപതിയുടെ ഭരണത്തിനു കീഴിൽ പോലും പീഡകനെ സാധാരണക്കാരൻ കൊല്ലുകയെന്നത് ഒരു മഹാപാപമായാണ് ഇസ്ലാം വീക്ഷിക്കുന്നതെന്ന് ഈ സംഭവം വ്യക്തമാക്കുന്നുണ്ട്. പ്രബോധനമാണ് മുസ്ലിമിന്റെ ചുമതല. പ്രവാചകന്മാരെല്ലാം പ്രബോധകർക്കുള്ള മാതൃകകളാണ്. ആരെയും കൊന്നൊടുക്കുകയല്ല പ്രബോധകന്റെ കർത്തവ്യം; എല്ലാവരെയും മരണമില്ലാത്ത ജീവിതത്തിന്റെ ശാശ്വത ശാന്തിയിലേക്ക് നയിക്കുകയാണ്. പ്രവാചകന്മാരെല്ലാം തങ്ങളുടെ ജീവിതത്തിലൂടെ കാണിച്ചുതന്നത് ശാശ്വത ശാന്തിയിലേക്ക് എങ്ങനെ ജനങ്ങളെ ക്ഷണിക്കമെന്നതാണ്.

ഇന്ത്യ ഒരു ജനാധിപത്യ - മതനിരപേക്ഷ രാഷ്ട്രമാണ്. ഒരു മതനിരപേക്ഷരാഷ്ട്രത്തിന് ഉണ്ടാക്കാൻ കഴിയുന്നതിൽ വെച്ച് പരമാവധി കുറ്റമറ്റ ഭരണഘടന തന്നെയാണ് ഭാരതത്തിന്റേത്. ഈ ഭരണഘടനക്ക് വിധേയരായി ജീവിക്കേണ്ടവരാണ് ഇന്ത്യയിലെ പൗരന്മാരെല്ലാം; ഭൂരിപക്ഷ വിഭാഗങ്ങളിലെ അംഗമാണെങ്കിലും ന്യൂനപക്ഷ സമുദായത്തിൽ പെട്ടവരാണെങ്കിലും. ജനാധിപത്യത്തിനും മതനിരപേക്ഷതക്കുമെല്ലാം എന്തെന്ത് മേന്മകൾ പറയാനുണ്ടെങ്കിലും അവയുടേതായ പരിമിതികളുമുണ്ട്. ഏതൊരു ജനാധിപത്യരാഷ്ട്രത്തിലും ന്യൂനപക്ഷങ്ങൾക്കു നേരെ കൈയേറ്റങ്ങളും അതിക്രമങ്ങളുമുണ്ടാവാം. ഭൂരിപക്ഷത്തിന്റെ വോട്ടുകളിൽ കണ്ണും നട്ടുകൊണ്ടിരിക്കുന്ന ജനപ്രതിനിധികൾ ഈ അതിക്രമങ്ങളെ കണ്ടില്ലെന്ന് നടിക്കുന്ന അവസ്ഥയുമുണ്ടായേക്കാം. അപ്പോൾ പിന്നെ ന്യൂനപക്ഷങ്ങൾ ചെയ്യേണ്ടതെന്താണ്? സായുധമായി സംഘടിച്ച് ഭൂരിപക്ഷത്തിതിരെ കലാപക്കൊടി ഉയർത്തുകയാണോ? ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും മതം പഠിച്ച ഒരു മുസ്‌ലിമിന് അങ്ങനെ പറയാനാവില്ല. കൊന്നവരെ കൊല്ലണമെന്ന ഇസ്‌ലാമിക നിയമം നടപ്പാക്കേണ്ടത് ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഭരണാധികാരിയാണ്. ഇസ്‌ലാമിക രാഷ്ട്രമുണ്ടാകുമ്പോൾ മാത്രം നടപ്പിലാക്കേണ്ട നിയമമാണത്. ഇസ്‌ലാമികേതര രാഷ്ട്ര സംവിധാനത്തിൽ അന്യായമായി ഒരാൾ വധിക്കപ്പെട്ടാൽ ആ രാഷ്ട്രത്തിലെ നിയമസംവിധാനങ്ങളുപയോഗിച്ച് കൊലയാളി ശിക്ഷിക്കപ്പെടുവാനാവശ്യമായ കാര്യങ്ങൾ ചെയ്യുകയാണ് വേണ്ടത്. രാഷ്ട്രത്തിലെ നിയമസംവിധാനങ്ങളും പീഡിതരോട് അവഗണന കാണിക്കുന്നുവെങ്കിൽ പോലും നിയമം കയ്യിലെടുക്കുവാൻ ഇസ്‌ലാം മുസ്‌ലിംകളെ പഠിപ്പിച്ചിട്ടില്ല. പ്രസ്തുത നിയമസംവിധാനങ്ങളെ പരിവർത്തിപ്പിക്കുവാനാവശ്യമായ പരിശ്രമങ്ങളിലേർപ്പെടുകയും ക്ഷമയവലംബിച്ചുകൊണ്ട് പ്രബോധനപ്രവർത്തനങ്ങളുമായി മുന്നോട്ടു പോവുകയാണ് അത്തരം സന്ദർഭങ്ങളിൽ മുസ്‌ലിംകൾ ചെയ്യേണ്ടത്. നിയമം കയ്യിലെടുത്ത് പോരാടുന്ന അക്രമിസംഘങ്ങൾ, സ്വയം എന്തു പേര് വിളിച്ചാലും, ചെയ്തുകൊണ്ടിരിക്കുന്നത് ഇസ്‌ലാമിനെയും മുസ്‌ലിംകളെയും നശിപ്പിക്കുന്നതിനുള്ള കളമൊരുക്കിക്കൊടുക്കലാണ്. അത്തരം അക്രമിസംഘങ്ങളിൽ പെടാതെ പ്രബോധന പ്രവർത്തനങ്ങളിൽ മുഴുകാൻ സമുദായത്തെ സജ്ജമാക്കുവാൻ പണ്ഡിതന്മാർക്കും നേതാക്കൾക്കും ബാധ്യതയുണ്ട്. പ്രസ്തുത ബാധ്യത നിർവഹിക്കുവാൻ സർവശക്തൻ അവരെ അനുഗ്രഹിക്കട്ടെ- ആമീൻ.